# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം - 695 033

നമ്പർ:ബി1- 30139-2019-സം.തി.ക

തീയതി: 19.08.2020

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും,
എല്ലാ ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും,

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2020 ലെ പൊതു തിരഞ്ഞെടുപ്പ്- വോട്ടർപട്ടിക പുതുക്കുന്നത് - അധിക നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

സൂചന:- 1.കമ്മീഷന്റെ 04.08.2020 ലെ ഇതേ നമ്പർ ഉത്തരവ്,
2. കമ്മീഷന്റെ 10/08/2020 ലെ ഇതേ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർപട്ടികയുടെ രണ്ടാംഘട്ട പുതുക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സൂചന പ്രകാരം കമ്മീഷൻ ഉത്തരവായിരുന്നു. സംസ്ഥാനത്തെ കോവിഡ് വ്യാപനം മൂലം ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർ മുമ്പാകെ ഹിയറിംഗിന് നേരിട്ട് ഹാജരാകാൻ കഴിയാത്ത കണ്ടെയിന്റ്മെന്റ് സോണുകളിലുള്ളവർക്ക് ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് ഒപ്പിട്ട് സ്കാൻ ചെയ്ത് ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർക്ക് ഇ മെയിലായി അയക്കാനും സൂചന 2 പ്രകാരം നിർദ്ദേശം നൽകയിരുന്നു. എന്നാൽ സംസ്ഥാനത്ത് കണ്ടെയിന്റ്മെന്റ് സോണുകൾ മാറി മാറി വരുന്ന സാഹചര്യമുണ്ടെന്നും അപേക്ഷകർക്ക് ഹിയറിംഗിന് നേരിട്ട് ഹാജരാകാൻ കഴിയാത്ത സാഹചര്യമുണ്ടെന്നും അതിനാൽ ഹിയറിംഗിന് നേരിട്ട് ഹാജരാകണമെന്ന വ്യവസ്ഥയിൽ ഇളവ് അനുവദിക്കണമെന്നും വിവിധ ജില്ലകളിൽ നിന്ന് വോട്ടർമാരും രാഷ്ട്രീയപാർട്ടി പ്രതിനിധികളും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരും ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, വോട്ടർപട്ടിക പുതുക്കലുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ/ ആക്ഷേപങ്ങൾ സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് ചുവടെ ചേർക്കുന്ന അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

a. വോട്ടർപട്ടികിയൽ പേര് ചേർക്കുന്നതിനോ ഭേദഗതി വരുത്തുന്നതിനോ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് ഹിയറിംഗിന് നേരിട്ട് ഹാജരാകാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിൽ അപേക്ഷകന്റെ ഒപ്പും ഫോട്ടോയും (ഫാറം 4 ൽ ഫോട്ടോ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ) പതിച്ച് രേഖകളും സ്കാൻ ചെയ്ത് ഫോൺ നമ്പർ സഹിതം ഇ മെയിലായോ നേരിട്ടോ/ ആൾവശമോ ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ലഭ്യമാക്കാവുന്നതാണ്.



കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം-695 033, ഫോൺ : 0471-2325048, 2337884
Fax : 0471 - 2338288, e-mail : electionker@gmail.com website : www.sec.kerala.gov.in

b. മേൽപ്പറഞ്ഞ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ സംബന്ധിച്ച് ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർമാർ ഓൺലൈൻ വഴിയോ മൊബൈൽ ഫോൺ / വീഡിയോകോൾ വഴിയോ മറ്റ് വിധത്തിലോ അപേക്ഷകരുമായി ബന്ധപ്പെട്ട് അപേക്ഷയിലെ വിവരങ്ങൾ ബോധ്യപ്പെടേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.
c. വോട്ടർപട്ടിക സംബന്ധിച്ച് ഫോറം 5 ൽ ലഭിക്കുന്ന ആക്ഷേപങ്ങൾ സംബന്ധിച്ചുള്ള ഹിയറിംഗിനും നേരിട്ട് ഹാജരാകാൻ കഴിയാത്തവർക്ക് മേൽപ്പറഞ്ഞ പ്രകാരം ഓൺലൈൻ, മൊബൈൽ ഫോൺ /വീഡിയോകോൾ സൗകര്യങ്ങൾ ഉപയോഗിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

എ.സന്തോഷ്
സെക്രട്ടറി

പകർപ്പ്: പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി
എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
കമ്മീഷണറുടെ പി.എസ്, കമ്മീഷണറുടെ സി.എ
ഓഫീസ് കോപ്പി